ഉത്തരം

(എ) വയനാട് ജില്ലയിൽ യുവജനക്ഷേമ ബോർഡ് ജില്ലാതലത്തിൽ മാത്രമാണ് പരിപാടികൾ നടത്തിവരുന്നത്. ഇവിടെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 3 വർഷങ്ങളിൽ 7,82,213.50 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ യുവശക്തി, യുവകർമ്മസേന മുതലായ പദ്ധതികൾ പുതിയതായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) വയനാട് ജില്ലയ്ക്ക് മാത്രമായി പ്രത്യേക പരിപാടികളൊന്നും പരിഗണനയിലില്ല. ബോർഡ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതി/പരിപാടികളും വയനാട് ജില്ലയിലും നടപ്പിലാക്കിവരുന്നു.

തുറമുഖ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള സി.ബി.ഐ. കേസ്

108 (1693) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിലെ ഏതെങ്കിലും കേസ്സ് സി.ബി.ഐ. അന്വേഷിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ബേപ്പൂർ തുറമുഖംവഴി ലക്ഷദ്വീപിലേക്ക് ഡീസൽ കയറ്റുമതി ചെയ്യുന്നതിൽ കൃത്രിമം നടന്ന ആരോപണത്തെ സംബന്ധിച്ച് സി.ബി.ഐ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥർ, സ്വകാര്യവ്യക്തികൾ എന്നിവർ ഉൾപ്പെട്ടതുമായ 2 കേസുകളിൽ ആരോപണ വിധേയരായിട്ടുള്ള തുറമുഖ വകുപ്പിലെ 2 ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാൻ സിബി.ഐ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൽ RC 3 (A)/2009/CBI/KER-നം കേസിൽ പ്രോസിക്യൂഷൻ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. RCI(A)/2009/KER-നം കേസിലും പ്രോസിക്യൂഷൻ അനുമതി ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

ശമ്പള പരിഷ്ക്കരണം

109 (1694) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കേന്ദ്ര പാരിറ്റി നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly